**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **23-07-2021 - ൽ മറുപടിയ്ക്ക്**

**തെന്മല ഡാമിന് സമീപമുള്ള റിസർവ്വ് വനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തെന്മല ഡാമിന് സമീപമുള്ള തിരുവനന്തപുരം-ചെങ്കോട്ട റോഡരികിലെ 246.26 ഏക്കർ റിസർവ്വ് വനം തരിശു ഭൂമിയായി മാറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | പത്തനാപുരം താലൂക്കിലെ അസൈൻമെന്റ് പ്രകാരം LAC. No. 5/93/TLA നമ്പർ പ്രകാരം ശ്രീ. ഭാസ്കരപിള്ള എന്നയാൾക്ക് കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പട്ടയം നൽകിയിരുന്നില്ല. ടിയാന്റെ കൈവശമുള്ള 10 സെൻറ് കുത്തക പാട്ടഭൂമിയുടെയും 15 സെൻറ് 01.01.1977 ന് മുമ്പുള്ള വനം കയ്യേറ്റ ഭൂമിയുടെയും പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 04.05 ആർസ് (10 സെന്റ്) കയ്യേറ്റഭൂമി പതിച്ചു നൽകുവാൻ അന്തരിച്ച ഭാസ്കരപിള്ളയുടെ മകൻ ഗോപകുമാർ പുനലൂർ തഹസിൽദാരിന് അപേക്ഷ നൽകിയതിനെ തുടർന്ന് പുനലൂർ തഹസിൽദാർ 30.05.2020 ലെ ബി2-357/2020 നമ്പർ കത്ത് പ്രകാരം ടി ഭൂമി തരിശ് ഭൂമിയാണെന്ന് തെന്മല വില്ലേജിലെ സർവ്വ നമ്പർ 2/1 ൽ പ്പെട്ട 04.05 ആർസ് (10 സെന്റ്) തരിശുഭൂമി വനാതിർത്തി പങ്കിടുന്നുവെന്നും ടി ഭൂമി പതിച്ചു നൽകാൻ വനം വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽപ്പെട്ട 246.62 ഏക്കർ ഭൂമി റവന്യൂ റിക്കാർഡുകൾ പ്രകാരം തരിശെന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന് പ്രത്യേകം സർവ്വേ ഡിവിഷൻ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ താലൂക്ക് സർവ്വേയർ തയ്യാറാക്കി സമർപ്പിച്ച സ്കെച്ച് സംയുക്ത സർവ്വേ ടീം 08.02.2021 ൽ ബി2-357/2020 കത്ത് പ്രകാരം പുനലൂർ |

| | | | |
|---|---|---|---|
| | | | തഹസിൽക്കാർക്ക് നൽകിയിട്ടുണ്ട്. തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽ പ്പെട്ട ഭൂമി 1901 സെപ്റ്റംബർ 11 ൽ തിരുവിതാംകൂർ ദിവാൻ കൃഷ്ണസ്വാമി റാവു ആര്യങ്കാവ് റിസർവ്വ് വനത്തിൽ ഉൾപ്പെടുത്തി നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1 ൽ പ്പെട്ട 246.62 ഏക്കർ റിസർവ്വ് വനഭൂമി ബി.റ്റി.ആറിൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ്വ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29.06.2021 ൽ എസ്.2039/2020 നമ്പരായും 13.07.2021 ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ക്യു.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഉത്തരം (ബി) യിൽ പരാമർശിക്കുന്ന ഭൂമിയിൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ ടി ഭൂമിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1 ൽ പ്പെട്ട 246.62 ഏക്കർ റിസർവ്വ് വനഭൂമി ബി.റ്റി.ആറിൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ്വ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29.06.2021 ൽ എസ്.2039/2020 നമ്പരായും 13.07.2021 ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ക്യു.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**വിശദീകരണകുറിപ്പ്**</u>

ശ്രീ. ഭാസ്കരപിള്ള, പ്രകാശ് ഹോട്ടൽ, തെന്മല ഡാം എന്നയാൾക്ക് കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശത്ത് ചായക്കട നടത്തുന്നതിനായി 10 സെൻറ് സ്ഥലം പ്രതിവർഷം 1200/ രൂപ നിരക്കിൽ 05.06.1976 ലെ 1689/76/അഗ്രി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടവ്യവസ്ഥയിൽ 2 വർഷത്തേയ്ക്ക് അനുവദിച്ച നൽകിയിരുന്നു. ഇതിനോട് ചേർന്ന് ടിയാൻ 15 സെൻറ് വനഭൂമി കൂടി കൈവശപ്പെടുത്തിയിരുന്നതും ആയത് റവന്യൂ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ 01.08.1983 ലെ സംയുക്ത പരിശോധനയിൽ 01.01.1977 ന് മുമ്പുള്ള കൈവശഭൂമിയാണ് എന്ന് തെന്മല റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ഈ പാട്ടസ്ഥലം ഉൾപ്പെടെ 25 സെൻറ് സ്ഥലം ടിയാന്റെ കൈവശമുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. 1978 ന് ശേഷം പാട്ടതുക ഒടുക്കാതെയും പാട്ടവ്യവസ്ഥകൾ പാലിക്കാതിരിക്കുകയും ചെയ്തതിനാൽ 27.02.1989 ലെ 1532/സി2/85/വനം നമ്പർ സർക്കാർ കത്ത് പ്രകാരം ടി 25 സെൻറ് സ്ഥലം ഒഴിപ്പിച്ചെടുക്കാൻ നിർദ്ദേശിച്ചിരുന്നു. അതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ 2352/90 നമ്പരായി ഒ.പി. ഫയൽ ചെയ്തു. തുടർന്ന് 27.08.1990 ലെ 4881/സി2/വനം നമ്പർ സർക്കാർ കത്ത് പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ഉത്തരവ് അനുസരിച്ച് ഈ സ്ഥലത്തെ സംബന്ധിച്ച് പഴയ നില പുനഃസ്ഥാപിക്കാനും 10 സെൻറ് പാട്ടമായും 15 സെൻറ് 01.01.1977 നുമുമ്പുള്ള കയ്യേറ്റമായും കണക്കാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ശ്രീ. ഭാസ്കരപിള്ള ടിയാന്റെ കൈവശം 85 സെൻറ് സ്ഥലമുണ്ടെന്നും ആയതിന് പട്ടയം ലഭിക്കണമെന്നും കാണിച്ച് ഒ.പി. 2352/90 നമ്പരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ് ബഹു. കോടതി തള്ളിയതിനെ തുടർന്ന് ടിയാൻ 1027/2000 നമ്പരായി റിവിഷൻ അപ്പീൽ ഫയൽ ചെയ്യുകയും ടി റിവിഷൻ അപ്പീലിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കാതെ 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് പ്രകാരം വനഭൂമിക്ക് ഉടമസ്ഥാവകാശം നൽകാൻ കഴിയില്ലെന്ന് പരാതിക്കാരനോട് സംസ്ഥാന സർക്കാരിനെ സമീപിച്ച് കേന്ദ്ര ഗവൺമെൻറിൽ നിന്നും അനുവാദം വാങ്ങാൻ നിർദ്ദേശിച്ച് ടി കേസ് ബഹു. ഹൈക്കോടതി തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

ടി ഭൂമിയുമായി ബന്ധപ്പെട്ട ബഹു. കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പത്തനാപുരം താലൂക്കിലെ അസൈൻമെന്റ് രജിസ്റ്റർ പ്രകാരം LAC. No. 5/93/TLA പ്രകാരം ശ്രീ. ഭാസ്കരപിള്ളയ്ക്ക് പട്ടയം നൽകിയിരുന്നില്ല. ടിയാന്റെ കൈവശമുള്ള 10 സെൻറ് കുത്തക പാട്ടഭൂമിയുടെയും

15 സെൻറ് 01.01.1977 ന് മുമ്പുള്ള വനഭൂമിയുടെയും പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 04.05 ആർസ് (10 സെൻറ്) വനഭൂമി പതിച്ച് നൽകാൻ അന്തരിച്ച ഭാസ്കരപിള്ളയുടെ മകൻ ശ്രീ. ഗോപകുമാർ പുനലൂർ തഹസിൽദാർക്ക് അപേക്ഷ നല്കിയതിനെ തുടർന്ന് പുനലൂർ തഹസിൽദാർ 30.05.2020 ൽ ബി.2-357/20 നമ്പർ കത്ത് പ്രകാരം ടി ഭൂമി തരിശ് ഭൂമിയാണെന്നും തെന്മല റെയിഞ്ചിലെ സർവ്വേ നം 2/1 ൽപ്പെട്ട 04.05 ആർസ് (10 സെൻറ്) തരിശ് ഭൂമി വനാതിർത്തി പങ്കിടുന്നുവെന്നും ടി ഭൂമി പതിച്ച് നൽകാൻ വനം വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് വനഭൂമി റവന്യൂ രേഖകളിൽ തരിശ് ഭൂമിയായി രേഖപ്പെടുത്തിയതായി കണ്ടെത്തിയത്.

ഈ സ്ഥലത്തിന് പ്രത്യേകം സർവ്വേ ഡിവിഷൻ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ താലൂക്ക് സർവ്വേയർ തയ്യാറാക്കി സമർപ്പിച്ച സ്കെച്ച് സംയുക്ത സർവ്വേ ടീം 08.02.2021 ൽ ബി2-357/2020 കത്ത് പ്രകാരം പുനലൂർ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽ പ്പെട്ട ഭൂമി 1901 സെപ്റ്റംബർ 11 ൽ തിരുവിതാംകൂർ ദിവാൻ കൃഷ്ണസ്വാമി റാവു ആര്യങ്കാവ് റിസർവ്വ് വനത്തിൽ ഉൾപ്പെടുത്തി നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1 ൽ പ്പെട്ട 246.62 ഏക്കർ റിസർവ്വ് വനഭൂമി ബി.റ്റി.ആറിൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ്വ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29.06.2021 ൽ എസ്.2039/2020 നമ്പരായും സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 13.07.2021 ൽ ക്യൂ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.